മത്സ്യഫെഡ്

**കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ക്ലിപ്തം**
**നം. എഫ് (റ്റി) 738 (മത്സ്യഫെഡ്)**
കമലേശ്വരം, മണക്കാട് പി.ഒ., തിരുവനന്തപുരം - 695009
ഫോൺ: 0471-2458606, 2457756, 2457172 ഫാക്സ്: 0471-2457752
വെബ്സൈറ്റ്: www.matsyafed.in ഇമെയിൽ: matsyafed@matsyafed.in mdmfed@gmail.com

No. Mfed/M1/7011/88 V (Vol. II) തീയതി : 09 /11/2023

# ഡീലർഷിപ്പ് നോട്ടീസ്

തൃശ്ശൂർ ജില്ലയിലെ അഴീക്കോടും, കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹില്ലിലും പ്രവർത്തിച്ചു വരുന്ന 2 മത്സ്യഫെഡ് ഫിഷ് മീൽ പ്ലാന്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന "ന്യൂട്രിഫിഷ്" ജൈവവളം വിൽക്കുന്നതിനു തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ 6 ജില്ലകളിൽ ഡീലർഷിപ്പ് നൽകുന്നതിനായി താല്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ മത്സ്യഫെഡ് കേന്ദ്ര ഓഫീസിൽ 25.11.2023 വരെ സ്വീകരിക്കുന്നതാണ്. താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും ഡീലർഷിപ്പ് നൽകുക.

വ്യവസ്ഥകൾ

1. ഡീലർമാർ 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയുടെ പലിശ രഹിത സെക്യൂരിറ്റി നൽകേണ്ടതാണ്. ഡീലർഷിപ്പ് അവസാനിക്കുന്ന മുറയ്ക്ക് ടി തുക തിരികെ നൽകുന്നതാണ്.
2. ഇതുമായി ബന്ധപ്പെട്ട് 200 രൂപ മുദ്ര പത്രത്തിൽ നിർദ്ദിഷ്ട മത്സ്യഫെഡ് നിബന്ധനകൾ അംഗീകരിച്ച് കരാറിൽ ഏർപ്പെടേണ്ടതും, വർഷാ വർഷം പുതുക്കേണ്ടതുമാണ്. കരാർ നിബന്ധനകൾ ലംഘിക്കുന്ന പക്ഷം യാതൊരു അറിയിപ്പും കൂടാതെ തന്നെ ഡീലർഷിപ്പ് റദ്ദ് ചെയ്യുവാൻ മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
3. പ്രതിമാസം ശരാശരി 10 ടൺ വളമെങ്കിലും വിൽക്കേണ്ടതാണ്. അല്ലാത്തപക്ഷം ഡീലർഷിപ്പ് ഉൾപ്പെടെ ക്യാൻസൽ ചെയ്യുവാൻ മത്സ്യഫെഡിന് അധികാരമുണ്ടായിരിക്കും. കൂടാതെ ഓരോ ഇൻഡന്റിലും കുറഞ്ഞത് 1 ടൺ വളം ഡീലർമാർ എടുക്കേണ്ടതാണ്.
4. ജില്ലാടിസ്ഥാനത്തിൽ മാത്രമേ ഡീലർഷിപ്പ് നൽകുകയുള്ളൂ.

അപേക്ഷകൾ തപാൽ മാർഗ്ഗമോ, നേരിട്ടോ മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, കമലേശ്വരം, മണക്കാട്. പി. ഒ, തിരുവനന്തപുരം - 695009 എന്ന വിലാസത്തിൽ 25.11.2023 വരെ സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ കവറിന് പുറത്ത് "ന്യൂട്രിഫിഷ് ജൈവവളം ഡീലർഷിപ്പിനുള്ള അപേക്ഷയെന്ന് " രേഖപ്പെടുത്തിയിരിക്കണം.

ഫാക്ടറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അഴീക്കോട് | കോഴിക്കോട് |
|---|---|
| മാനേജർ<br>മത്സ്യഫെഡ് ഫിഷ് മീൽ & ഓയിൽ പ്ലാന്റ്<br>അഴീക്കോട്, ജെട്ടി. പി. ഒ<br>തൃശ്ശൂർ - 680666<br>കൊടുങ്ങല്ലൂർ 0480 - 2819431<br>ഫോൺ : 9526041105 | മാനേജർ<br>മത്സ്യഫെഡ് ഫിഷ് മീൽ പ്ലാന്റ്<br>വെസ്റ്റ്ഹിൽ, കോഴിക്കോട് - 673005<br>ഫോൺ 0495 - 2383415<br>ഫോൺ : 9526041158 |

ഈ വിഷയത്തിന്മേലുള്ള ഏതെങ്കിലും സ്പഷ്ടീകരണം/ഭേദഗതി ഉണ്ടെങ്കിൽ മത്സ്യഫെഡ് വെബ്സൈറ്റ് മുഖാന്തിരം പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

**മാനേജിംഗ് ഡയറക്ടർ**